സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ എട്ടാം ക്ലാസ്സുവരെ പഠിക്കുന്ന Hearing Impaired, Visually Impaired, Mentally Retarded, Orthopaedically Handicapped, Autism എന്നീ വിഭാഗം കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ് (600), യൂണിഫോം അലവൻസ്(750), ട്രാൻസ്പോർട്ട് അലവൻസ് (1000), എസ്കോർട്ട് അലവൻസ് (1000), റീഡേഴ്സ് അലവൻസ് (750) എന്നീ ക്രമത്തിൽ സംസ്ഥാന പദ്ധതിയുടെ ഭാഗമായി നൽകിവരുന്നു.

9 മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിയുടെ Inclusive Education of the Disabled at Secondary Stage (I.E.D.S.S.) ഭാഗമായി സാമ്പത്തിക സഹായം നൽകി വരുന്നു. റിസോഴ്സ് അദ്ധ്യാപകരുടെയും അറ്റൻഡന്റുമാരുടെയും സേവനം നൽകിവരുന്നുണ്ട്. റിസോഴ്സ് റൂമുകളും തെറാപ്യൂട്ടിക് സെന്ററുകളും 208 ഹൈസ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനോപകരണങ്ങളും സഹായോപകരണങ്ങളും നൽകാൻ വ്യവസ്ഥയുണ്ട്. സ്കൂളുകളിൽ റാമ്പുകളുടെയും ഹാൻഡ് റെയിലുകളുടെയും നിർമ്മാണം, അനുരൂപീകരണ ശുചിമുറികളുടെ നിർമ്മാണം എന്നിവയും നടപ്പാക്കിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വർഷംതോറും വൈദ്യപരിശോധനാ ക്യാമ്പുകളും നടത്തിവരുന്നു. കേന്ദ്രഫണ്ടിന്റെ സഹായത്താൽ ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ ഇപ്പോൾ നടപ്പിൽ വരുത്തുന്നത് സമഗ്രശിക്ഷാ അഭിയാൻ വഴിയാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിലുള്ള പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളെ സംബന്ധിച്ചും സ്വീകരിക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന തയ്യാറാക്കിയ ഒരു റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## ഇൻസൈറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

280(3644) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച പരിമിതിയുള്ളവരെ സാങ്കേതികവിദ്യയുടെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുവാൻ 2007-ൽ സർക്കാർ ആരംഭിച്ച പദ്ധതിയായ ഇൻസൈറ്റ് അടച്ച് പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; വിഷയത്തിൽ എന്ത് തീരുമാനം എടുത്തു; വിശദമാക്കുമോ;

(സി) ഇൻസൈറ്റ് സ്ഥാപനം നിർത്തലാക്കി പകരം വേറെ ഏതെങ്കിലും സ്ഥാപനത്തിന് കംപ്യൂട്ടർ കോഴ്സുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിന്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ സാമൂഹ്യ നീതിവകുപ്പ് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ച ഫയൽ നമ്പരും കത്തിന്റെ പകർപ്പും ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഇല്ല. കാഴ്ചപരിമിതിയുള്ളവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടന നടത്തിവരുന്ന ഇൻസൈറ്റ് എന്ന പ്രോജക്ടിന് 2013-14 വർഷം മുതൽ വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു. എന്നാൽ 2017-18 വർഷം സംഘടന സമർപ്പിച്ച പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി നൽകിയിട്ടില്ല.

സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് പ്രൊപ്പോസലിനെക്കുറിച്ച് പഠനം നടത്തി പ്രോജക്ട് നിലവാരം സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്ന ഏജൻസിയെ ഏൽപ്പിക്കുകയും റിപ്പോർട്ട് അനുകൂലമാണെങ്കിൽ പ്രൊപ്പോസൽ സർക്കാർ അനുമതിക്കായി സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു.

എന്നാൽ GIFT, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ 2013-14 മുതലുള്ള പ്രോജക്ടുകൾ വിലയിരുത്തുകയും പ്രോജക്ടുകൾ തുടർന്ന് നടത്തുമ്പോൾ ഏതൊക്കെ മേഖലയിൽ മാറ്റം വരുത്തണമെന്ന ചില നിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ മുൻ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ശേഖരിക്കാനും വകുപ്പ് തലത്തിൽ ഒരു ഓഡിറ്റ് നടത്താനും സംഘടനയുടെ ഓഡിറ്റ് ടീമിൽനിന്നും ഒരു റിപ്പോർട്ട് വാങ്ങാനും ഇൻസൈറ്റിന്റെ ഗുണഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെട്ട് പരിശീലന പരിപാടിയുടെ ഗുണഫലം പരിശോധിക്കാനുമാണ് GIFT ശിപാർശ ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവ കൂടാതെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നടന്ന ഓഡിറ്റിനെത്തുടർന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീം സംഘടനയ്ക്ക് സാമ്പത്തിക സഹായം നൽകിയ ഫയലുകൾ പരിശോധിച്ച് വിവിധ വിഷയങ്ങളിൽ ഓഡിറ്റ് എൻക്വയറി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

മാത്രവുമല്ല സംഘടന നടത്തി വന്ന പ്രോജക്ടിൽ ഇൻസ്ട്രക്ടറായി ജോലി നോക്കിയിരുന്നയാൾ, ഗുണഭോക്താക്കൾ എന്നിവർ സംഘടനയുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടി സാഹചര്യത്തിലാണ് സംഘടന സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ 2017-18 -ൽ പരിഗണിക്കുവാൻ കഴിയാതിരുന്നത്.

(ബി) ഇൻസൈറ്റ് പ്രോജക്ട് സംബന്ധിച്ച് വിജിലൻസ് കേസുകളൊന്നും നിലവിലില്ല.

(സി) ഇൻസൈറ്റ് പ്രോജക്ട് നിലവിൽ നിർത്തലാക്കിയിട്ടില്ല. ഭിന്നശേഷിക്കാർക്കായി കമ്പ്യൂട്ടർ പരിജ്ഞാനം ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിലേയ്ക്ക് സംസ്ഥാനത്തെ വിവിധ എൻ.ജി.ഒ. (NGO) കളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അനുയോജ്യമായ അപേക്ഷകൾ (പ്രൊപ്പോസലുകൾ) ലഭ്യമാകുന്നപക്ഷം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

## ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംയോജിത വിദ്യാഭ്യാസ രീതി

281(3645) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള സംയോജിത വിദ്യാഭ്യാസരീതി പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) എൽ.പി., യു.പി., തലത്തിൽ ഒരു ബി.ആർ.സി.-യുടെ കീഴിൽ ഒന്നോ രണ്ടോ പഞ്ചായത്തുകളിലെ മുഴുവൻ സ്കൂളുകളിലേക്കും ഒരു റിസോഴ്സ് പേഴ്സണെ ആണോ നിയോഗിച്ചിട്ടുള്ളത്;

(സി) ഭിന്നശേഷി നിയമത്തിൽ എത്ര കുട്ടികൾക്കാണ് ഒരു റിസോഴ്സ് പേഴ്സൺ എന്ന അനുപാതം നിഷ്കർഷിച്ചിട്ടുള്ളത്;

(ഡി) ആവശ്യമായ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസപരവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന കാര്യങ്ങൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly